


‘ഉമ്മീ, ഈദിൻസുദിനം നാളെയാണല്ലോ
മെഹന്ദി വരയ്ക്കുന്നില്ലേ കൈയിൽ ..’
മെഹന്ദി പറിച്ചുവന്നമോൻറെ
വാക്കുകൾ ശ്രവിച്ചാണ് ഉണർന്നത്..
തെരുതെരെ കവിളുകൾ മുത്തം
കൊണ്ടു കവരുമ്പോൾ ചാരെനിന്ന
എൻകണ്മണിക്കു ഞാൻ ഈദ്കഥചൊല്ലി..

’ഈദുൽ അദുഹ’ ആത്മാർപ്പണത്തിൻറെ
പെരുന്നാൾ...
പ്രവാചകനാം ഇബ്രാഹിം നബിക്ക്
തൊണ്ണൂറാം വയസ്സിൽ ഇസ്മായിൽ
മകൻ ഭൂജാതനായി, അരുമയായിവളർന്നു
ഒരുനാൾ അരുളപ്പാടുണ്ടായി
ദൈവസന്നിധിയിൽ നിന്നും,
’ബലികൊടുക്കുക ഇസ്മായിലിനെ!’
ഇസ്മയിലോതുന്നു ബാപ്പയോട്
’ബലി കൊടുക്കുകയെന്നെ..’
കഴുത്തിൽ കത്തിവയ്ക്കുന്നേരം
പ്രത്യക്ഷപ്പെടുന്നു ജിബ്രീൽ
’ഒരാടിനെക്കൊണ്ടു ബലികൊടുക്കുക’
’ഇബ്രാഹീം ഈ ആടിനെക്കൊണ്ടു
ബാലികൊടുക്കുക’
ഈദുൽ അദുഹ ആഘോഷം ഉണ്ടായത്
എങ്ങനെയാണെന്ന് മനസിലാക്കുന്ന
’നസീബിൻമുഖം പ്രകാശപൂരിതമാകുന്നു..
’ഈദിൽ അദുഹ’ തൻ കഥ ഇഷ്ടമായി

നാളത്തെ പ്രഭാതം വര്‍ണ്ണങ്ങള്‍
വിതറിയകൂട്ടുമായി ആഘോഷമാക്കാം.

**പെരുമാതുറ ഔറീഗസീബ്**
E-mail: Seebus1@yahoo.com